(ബി) തെരുവ് നായ്ക്കളെ കൊല്ലുന്നത് ബഹു.സുപ്രീം കോടതി തടഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇവയെ വന്ധ്യംകരിച്ച് പ്രജനനം തടയുകയും, പേവിഷ ബാധയ്ക്ക് കുത്തിവയ്പ് നൽകുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചു വരുന്നത്. കേന്ദ്ര സർക്കാരിന്റെ 2011-ലെ Animal birth Control(Dogs)Rules പ്രകാരം അനിമൽ വെൽഫെയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ/ആന്റി റാബീസ് പ്രോഗ്രാം നടപ്പിൽ വരുത്തുന്നതിനുള്ള ചെലവിന്റെ 50% അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ വഹിക്കുന്നതാണ്. അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ ആവിഷ്കരിച്ചിരിക്കുന്ന പ്രസ്തുത പ്രോഗ്രാമിന്, ബോർഡുമായി വേണ്ടുന്ന കരാറിലേർപ്പെട്ട് ധനസഹായം നേടി പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കാനും ഇക്കാര്യം സമയബന്ധിതമായി നടപ്പിൽ വരുത്തുവാനും പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗ സംരക്ഷണ വകുപ്പിന്റെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ പേവിഷബാധ നിയന്ത്രണം സംബന്ധിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനായി മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) ഒറ്റപ്പെട്ട സംഭവങ്ങൾ വിനോദ സഞ്ചാരമേഖലയെ ബാധിക്കുമെന്ന് കരുതുന്നില്ല.

(ഡി&ഇ) പേവിഷബാധ ബാധിതർക്കാവശ്യമായ ഐ.ഡി.ആർ.വി./ എ.ആർ.വി. മരുന്നുകൾ ആരോഗ്യ വകുപ്പ് മുഖേന സർക്കാർ സൗജന്യമായിട്ടാണ് വിതരണം ചെയ്യുന്നത്. ഈ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

തീർത്ഥാടന കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി

29(*59) ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. കെ. സി. രാജഗോപാലൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ടൂറിസം വകുപ്പുമായി സഹകരിച്ച് തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) തീർത്ഥാടന കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ദേവസ്വം വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ :

(സി) അകലെനിന്നും എത്തുന്ന തീർത്ഥാടകരുടെ സൗകര്യാർത്ഥം പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട താമസ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) കൊച്ചി ദേവസ്വം ബോർഡിന്റെ ഭരണപരിധിയിൽ വരുന്ന പ്രധാന ക്ഷേത്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള മാടായി ശ്രീ തിരുവർക്കാട്ടുകാവ്, വയനാട് ജില്ലയിലെ വള്ളിയൂർക്കാവ് എന്നിവിടങ്ങളിൽ ടൂറിസം വകുപ്പുമായി ചേർന്ന് പിൽഗ്രിം ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്. കണ്ണൂർ പിൽഗ്രിം പ്രോജക്ടിൽ ഉൾപ്പെടുത്തി ശ്രീ കൊട്ടിയൂർ ദേവസ്വത്തിൽ സ്നാന ഘട്ടവും ഡോർമിറ്ററി സൗകര്യത്തോടു കൂടിയ കെട്ടിടവും നിർമ്മിക്കുന്നതിന് 30 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ശ്രീ ലോകനാർക്കാവ് ദേവസ്വത്തിൽ പിൽഗ്രിമേജ് ടൂറിസം പദ്ധതിയുടെ ഭാഗമായി ഒരു ഫെസിലിറ്റേഷൻ സെൻറർ, കളരി, താമസസൗകര്യം, ഹാൾ എന്നിവ നിർമ്മിക്കുന്നതിനായി ഒന്നേകാൽ കോടി രൂപയുടെ ഒരു പദ്ധതി ടൂറിസം വകുപ്പ് നേരിട്ട് നടത്തിവരുന്നു.

കൂടൽമാണിക്യം ദേവസ്വത്തിൽ ശ്രീരാമക്ഷേത്രമായ തൃപ്രയാർ, ഭരതക്ഷേത്രമായ കൂടൽ മാണിക്യം, ലക്ഷ്മണക്ഷേത്രമായ മൂഴിക്കുളം, ശത്രുഘ്ന ക്ഷേത്രമായ പായമ്മൽ എന്നീ ക്ഷേത്രങ്ങളിൽ നടത്തുന്ന നാലമ്പല ദർശനവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പുമായി ചേർന്ന് ഒരു പദ്ധതിക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെന്ന് അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് ടൂറിസം വകുപ്പുമായി ചേർന്ന് ഇത്തരത്തിലൊരു പദ്ധതിയുടെ പ്രാഥമിക ആലോചനയിലാണ്.

തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെട്ട് 8-9-2010-ൽ അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ വിവിധ ദേവസ്വം ബോർഡുകൾ മുൻഗണന നൽകേണ്ട പ്രോജക്ടുകളെക്കുറിച്ച് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്*.

ഗുരുവായൂർ ദേവസ്വം ബോർഡ് ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതികൾ ഒന്നും ആവിഷ്കരിച്ചിട്ടില്ല.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ് ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ബോർഡിന്റെ കീഴിലുള്ള 26 ക്ഷേത്രങ്ങൾ ഇടത്താവളമായി പ്രഖ്യാപിച്ച് ഭക്തജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പ്രസ്തുത ക്ഷേത്രങ്ങളുടെ ലിസ്റ്റ് അനുബന്ധം -2 ആയി ചേർത്തിട്ടുണ്ട്*.

കൊച്ചി ദേവസ്വം ബോർഡ് അതിന്റെ കീഴിലുള്ള പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകി വരുന്നുണ്ടെന്ന് ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ ഓരോ പ്രത്യേക യൂണിറ്റുകളായതിനാൽ ക്ഷേത്രങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നത് അതാത് ദേവസ്വങ്ങൾ തന്നെയാണ്. ബോർഡിന്റെ കീഴിൽവരുന്ന പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ അടിസ്ഥാന സൗകര്യവികസനം ക്ഷേത്ര ഭരണാധികാരികൾ തന്നെ നടത്തിവരുന്നുണ്ട്.

ഗുരുവായൂർ ദേവസ്വത്തിൽ കംഫർട്ട് സ്റ്റേഷൻ, കുടിവെള്ളം, വെളിച്ചം, പാതകൾ, നടപ്പന്തൽ, വിശ്രമസ്ഥലം, കാന്റീൻ, താമസ സൗകര്യം, ക്യൂ നിൽക്കാനുള്ള സൗകര്യം എന്നിവ ദേവസ്വം തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്.

കൂടൽമാണിക്യം ദേവസ്വം തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു പിൽഗ്രിം സെന്റർ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും ദേവസ്വത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചമല്ലാത്തതിനാൽ ഇക്കാര്യം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ പലയിടത്തും പരിമിതമായ താമസസൗകര്യമേ ഏർപ്പെടുത്തിയിട്ടുള്ളൂ. സ്ഥല ലഭ്യതയും, ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് ഇത് വിപുലപ്പെടുത്തുന്നതാണെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്. കൊച്ചി ദേവസ്വം ബോർഡിനുകീഴിൽ ചോറ്റാനിക്കര ക്ഷേത്രത്തിൽ 100 മുറികളോടുകൂടിയ സത്രവും, ലോഡ്ജ് മുറികളും പണികഴിപ്പിച്ചിട്ടുണ്ട്. കൂടുതൽ ലോഡ്ജ് മുറികളുടെ നിർമ്മാണം നടന്നുവരുന്നു. കൊടുങ്ങല്ലൂർ ശ്രീ കുരുംബാ ഭഗവതി ക്ഷേത്രത്തിൽ 27 മുറികളും, തൃപ്പയാർ ക്ഷേത്രത്തിൽ 8 മുറികളും തിരുവിലാമല ക്ഷേത്രത്തിൽ 10 മുറികളും ഭക്തജനങ്ങളുടെ സൗകര്യാർത്ഥം ഒരുക്കിയിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പ്രധാനക്ഷേത്രങ്ങളായ ശ്രീ കാടാമ്പുഴ ഭഗവതി ക്ഷേത്രം, ശ്രീ മമ്മിയൂർ ദേവസ്വം, ശ്രീ തിരുനെല്ലി ദേവസ്വം, ശ്രീ. തിരുമാന്ധാംകുന്ന് ഭഗവതി ദേവസ്വം, ശ്രീ. ടി.ടി.കെ. ദേവസ്വം മധുർ ശ്രീമദനന്തേശ്വര വിനായക ക്ഷേത്രം, ശ്രീ തിരുവങ്ങാട് ദേവസ്വം, ശ്രീ കൊട്ടിയൂർ ദേവസ്വം, പറശ്ശിനിക്കടവ് ശ്രീ മുത്തപ്പൻ ക്ഷേത്രം, ശ്രീ തിരുനാവായ ക്ഷേത്രം എന്നിവിടങ്ങളിൽ പരിമിതമായ രീതിയിൽ ദേവസ്വം വക ഗസ്റ്റ് ഹൗസുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

ഗുരുവായൂരിൽ ഭക്തജനങ്ങളുടെ സൗകര്യാർത്ഥം 3 ഗസ്റ്റ് ഹൗസുകൾ ദേവസ്വത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

കൂടൽമാണിക്യം ദേവസ്വത്തിൽ ഇപ്പോൾ ഭക്തജനങ്ങൾക്ക് താമസസൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly